കെ. എസ്. ആർ. ടി. സി.യുടെ പുതിയ ബസ്സ്റ്റാൻഡുകൾ

71 [3585] *ശ്രീ. എ. സി. ഷൺമുഖദാസ്:*

„ *സി. കെ. നാണു:*

„ *കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കെ. എസ്. ആർ. ടി. സി. പുതിയ ബസ്സ്റ്റാൻഡുകൾ തുടങ്ങിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

ഇല്ല.

കെ. എസ്. ആർ. ടി. സി.യുടെ പുതിയ ബസ് ഡിപ്പോകൾ

72 [3586] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. പുതിയതായി ബസ് ഡിപ്പോ തുടങ്ങുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്ത് എത്ര പുതിയ ഡിപ്പോകൾ ആരംഭിച്ചു; ഇത് എവിടെയൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കട്ടപ്പന, തലശ്ശേരി, പിറവം എന്നിവിടങ്ങളിൽ കെട്ടിടങ്ങളുടെയും, ഗ്യാരേജുകളുടെയും നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇവ പൂർത്തിയാകുന്ന മുറയ്ക്കും, തിരുവനന്തപുരം മെഡിക്കൽ കോളേജ് പരിസരത്ത് സ്ഥലവും, സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്കും ബസ് ഡിപ്പോകളുടെ പ്രവർത്തനം തുടങ്ങുന്നതാണ്.

(ബി) പുതിയ ഡിപ്പോകൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല. വെള്ളറട ഓപ്പറേറ്റിംഗ് സെന്റർ 7-8-2005 മുതൽ സബ് ഡിപ്പോ ആയി ഉയർത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly